# മഹാത്മാഗാന്ധി സർവ്വകലാശാല
## (സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ 2017-18 അക്കാദമിക വർഷത്തിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മിറ്റിയുടെ ശുപാർശകൾ അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

---

**അക്കാദമിക് ബി.VI സെക്ഷൻ**

നം.2722/എസി.ബി VI/2017 പ്രിയദർശിനി ഹിൽസ്,10.05.2017.

---

പരാമർശം: 1.2017-18 അക്കാദമിക വർഷത്തിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മിറ്റിയുടെ 08.05.2017 തീയതിയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.

### ഉത്തരവ്

2017-18 അക്കാദമിക വർഷത്തിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മിറ്റിയുടെ പരാമർശം 1 പ്രകാരമുള്ള യോഗത്തിൽ വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന ശുപാർശകൾ നൽകിയിട്ടുള്ളതാണ്.

എ) 2017-18 വർഷത്തിൽ അഫിലിയേറ്റഡ് കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന പ്രക്രിയയുടെ ഷെഡ്യൂൾ അംഗീകരിക്കുകയും കേരള ഹയർ സെക്കൻഡറി / സി.ബി.എസ്. ഇ എന്നിവയുടെ പരീക്ഷാഫലങ്ങൾ വൈകുന്ന പക്ഷം ഷെഡ്യൂൾ പുന:ക്രമീകരിക്കുന്നതിന് ബഹുമാനപ്പെട്ട വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും ചെയ്തു.

ബി) കേന്ദ്രീകൃത പ്രവേശനത്തിനായി അഞ്ചു ലക്ഷം എസ് .എം.എസ്സുകൾ വാങ്ങുന്നതിനുള്ള അനുമതി നൽകണം.

സി) ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള കേന്ദ്രീകൃത പ്രവേശനത്തിനായി 2017 -18 വർഷം അപേക്ഷാ ഫീസ് പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് അഞ്ഞൂറു രൂപയായും മറ്റ് പൊതു വിഭാഗങ്ങൾക്ക് ആയിരം രൂപയായും നിജപ്പെടുത്തണം.

ഡി) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും പ്രിൻസിപ്പൽമാരും, വകുപ്പധ്യക്ഷൻ മാരും ചേർന്ന ഒരു പ്രവേശന സമിതി രൂപീകരിക്കേണ്ടതാണ്.

ടി ശുപാർശകൾ ബഹുമാനപ്പെട്ട വൈസ് ചാൻസലർ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമം അദ്ധ്യായം (3 ) സെക്ഷൻ 10(17 )പ്രകാരം അദ്ദേഹത്തിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

ആകയാൽ തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
സുനിൽ ബാബു കെ
അസിസ്റ്റന്റ് രജിസ്ട്രാർ
(കേന്ദ്രീകൃത പ്രവേശന വിഭാഗം)

പകർപ്പ്:

1. വൈസ്-ചാൻസിലറുടെ/പ്രോ-വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ. മാർ
3. എ സി.സി സെക്ഷൻ
4. ജോയിന്റ് രജിസ്ട്രാർ I (ഭരണം)
5. ജോയിന്റ് രജിസ്ട്രാർ II (ഭരണം)
6. ഡെപ്യൂട്ടി രജിസ്ട്രാർ I,II,(അക്കാദമിക്)
7. അസിസ്റ്റന്റ് രജിസ്ട്രാർ(കേന്ദ്രീകൃത പ്രവേശന വിഭാഗം)
8. അസിസ്റ്റന്റ് രജിസ്ട്രാർ I,II,III(അക്കാദമിക്)
9. ഡെപ്യൂട്ടി രജിസ്ട്രാർ ( സീടെക്സ് )
10. എ സി.എ I/ എസി.എ VII/ എ സി.എ VIII
11. സിസ്റ്റം അഡ്മിനിസ്ട്രേഷൻ വിംഗ് / കണ്ടന്റ് മാനേജ്മെന്റ് സെൽ /എ ഡി ഡി /ആഡിറ്റ് വിംഗ്
12. പി.ആർ.ഒ /റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ